File No.DT/40573/2018-F1

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, പി.എം.ജി,
വികാസ് ഭവൻ.പി.ഒ,
തിരുവനന്തപുരം-33,
തീയതി:24.12.2018

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഇൻസ്‌പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും
എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-
ജോബ് ഫെയർ -സംബന്ധിച്ച്.

* * * *

വ്യാവസായിക പരിശീലന വകുപ്പിന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും നോഡൽ ഐ.ടി.ഐകളിൽ വച്ച് 03.01.2019 മുതൽ 18.0.12019 വരെയുള്ള തീയതികളിൽ ജോബ് ഫെസ്റ്റ് സംഘടിപ്പിയ്ക്കുകയാണ്. ഇതിന്റെ സംസ്ഥാനതല ഉത്ഘാടനം ഗവ.ഐ.ടി.ഐ, കോഴിക്കോട് വച്ച് 03.01.2019 ൽ നടക്കുകയാണ്. സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ഐ.ടി.ഐകളിൽ നിന്നും വിജയകരമായി പഠനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് ജോബ് ഫെയറിൽ പങ്കെടുക്കാവുന്നതാണ്. സ്പെക്ട്രം ജോബ് ഫെയറിൽ ഉദ്യോഗാർത്ഥികളെയും തൊഴിൽ ദാതാക്കളെയും രജിസ്റ്റർ ചെയ്യുന്നതിനും വേണ്ടി വകുപ്പിലെ ഉദ്യോഗസ്ഥർ തന്നെ വികസിപ്പിച്ച spectrumjobs.org എന്ന പോർട്ടൽ പ്രവർത്തനം ആരംഭിച്ച വിവരം അറിയിക്കുന്നു. ജോബ് ഫെയറിൽ പങ്കെടുത്ത് തൊഴിൽ നേടാൻ ആഗ്രഹിക്കുന്നവർക്കും തൊഴിൽ നൽകാൻ സന്നദ്ധരായിട്ടുള്ള തൊഴിൽ ദാതാക്കൾക്കും പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യുന്നതിന് യാതൊരുവിധ ഫീസും ഈടാക്കുന്നതല്ല. ടി വിഷയം സംബന്ധിച്ച് പൊതു ജനങ്ങൾ സംശയ നിവാരണത്തിനായി ഐ.ടി.ഐകളിൽ സന്ദർശിക്കുകയോ വിവരങ്ങൾ ആരായുകയോ ചെയ്യുകയാണെങ്കിൽ അവർക്ക് വേണ്ട സഹായ സഹകരണങ്ങൾ നോഡൽ ഐ.ടി.ഐയുമായി ബന്ധപ്പെട്ട് ചെയ്തു കൊടുക്കേണ്ടതാണ്. ജോബ് ഫെയർ സംഘടിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെയും തീയതിയുടെയും വിവരം ഇതോടൊപ്പം ഉൾച്ചേർക്കുന്നു.

**സ്പെക്ട്രം ജോബ്ഫെയർ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്ന സ്ഥാപനങ്ങളും തീയതികളും**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തീയതി |
|---|---|---|
| 1 | ഐ.ടി.ഐ ചാക്ക | 11.01.2019, 12.01.2019 |
| 2 | ഐ.ടി.ഐ ചന്ദനത്തോപ്പ് | 18.01.2019 |
| 3 | ഐ.ടി.ഐ ചെങ്ങന്നൂർ | 14.01.2019 |
| 4 | ഐ.ടി.ഐ ചെന്നീർക്കര | 16.01.2019 |
| 5 | ഐ.ടി.ഐ ഏറ്റുമാനൂർ | 18.01.2019 |
| 6 | ഐ.ടി.ഐ കട്ടപ്പന | 16.01.2019 |
| 7 | ഐ.ടി.ഐ കളമശ്ശേരി | 10.01.2019 |
| 8 | ഐ.ടി.ഐ ചാലക്കുടി | 18.01.2019 |
| 9 | ഐ.ടി.ഐ മലമ്പുഴ | 17.01.2019 |
| 10 | ഐ.ടി.ഐ അരീക്കോട് | 15.01.2019 |
| 11 | ഐ.ടി.ഐ കോഴിക്കോട് | 03.01.2019 |
| 12 | ഐ.ടി.ഐ കൽപ്പറ്റ | 14.01.2019 |
| 13 | ഐ.ടി.ഐ കണ്ണൂർ | 04.01.2019 |
| 14 | ഐ.ടി.ഐ കാസർഗോഡ് | 05.01.2019 |

വിശ്വാസപൂർവ്വം,

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

ആർ.വി 22.12.18 ആർ.ഇ.